LIBRARY ARCHIVES Kerala Legislative Assembly

ശബരി സ്റ്റോറുകളിലൂടെ ഗുണനിലവാരമുള്ള സാധനങ്ങൾ നൽകുന്നതിന് നടപടി

241 [1190] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ എത്ര ശബരി സ്റ്റോറുകൾ ഇതുവരെ ആരംഭിച്ചിട്ടുണ്ട്;

(ബി) തൃശ്ശൂർ ജില്ലയിൽ തുടങ്ങിയ ശബരി സ്റ്റോറുകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) നിലവിലുള്ള ശബരി സ്റ്റോറുകളിൽ ആവശ്യത്തിന് സാധനങ്ങൾ നൽകാൻ കോർപ്പറേഷന് കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കച്ചവടക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഗുണനിലവാരമുള്ള സാധനങ്ങൾ കൃത്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 879 ശബരി സ്റ്റോറുകൾ.

(ബി) 52 ശബരി സ്റ്റോറുകൾ വിവിധ താലൂക്കുകളിലായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവയുടെ താലൂക്ക് ഡിപ്പോ തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

തൃശ്ശൂർ	:	7
വടക്കാഞ്ചേരി	:	15
ചാവക്കാട്	:	8
ചാലക്കുടി	:	22
ആകെ		52

(സി) ഉണ്ട്.

(ഡി) ആവശ്യാനുസരണം ഗുണനിലവാരമുള്ള സാധനങ്ങൾ കൃത്യമായി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

സപ്ലൈകോയിലെ ക്രമക്കേടുകൾ

242 [1191] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: